**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 936** **09-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ഇ.എസ്.എ. പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇ.എസ്.എ. ആയി വിജ്ഞാപനം ചെയ്ത പ്രദേശങ്ങളുടെ കരട് പട്ടികയിൽ കണ്ണൂർ ജില്ലയിലെ വിവിധ വില്ലേജുകളിലെ ഏതൊക്കെ പ്രദേശങ്ങളുണ്ട്; ആയതിന്റെ വിസ്തൃതി എത്രയാണ്; വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ ഇ .എസ് . ആയി കരട് വിജ്ഞാപനം ചെയ്ത പ്രദേശങ്ങളുടെ കരട് പട്ടികയിൽ കണ്ണൂർ ജില്ലയിലെ 3 വില്ലേജുകൾ ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | പ്രസ്തുത പട്ടിക ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മറുപടി അനുബന്ധമായി ചേർക്കുന്നു. |

| ക്രമ നം | വില്ലേജ് | ഇ .എസ്. എ വിസ്തൃതി (ച.കി.മീ) |
|---|---|---|
| 1 | ആറളം | 86.43 |
| 2 | കൊട്ടിയൂർ | 76.75 |
| 3 | ചെറുവാഞ്ചേരി | 91.73 |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(ബി, സി) പ്രസ്തുത പട്ടിക ലഘൂകരിക്കുന്നതിനും ആയതു സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ESA വില്ലേജുകളുടെ നിർണ്ണയവുമായി ബന്ധപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി 24-05-2022ൽ നടത്തിയ യോഗത്തിലെ തീരുമാന പ്രകാരംവില്ലേജ്-വനാതിർത്തികൾപരിശോധിച്ച് ജനവാസമേഖലകൾ ഒഴിവാക്കി ESA ആയി നിജപ്പെടുത്തേണ്ട പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ റവന്യൂ വനം പരിസ്ഥിതി, സർവ്വേ & ലാൻഡ് റെക്കോർഡ്സ്, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ, ലാൻ്റ് യൂസ് ബോർഡ് ലാൻ്റ് റവന്യൂ കമ്മീഷണറേറ്റ് എന്നിവയുടെ ഉദ്യോഗസ്ഥർ അംഗങ്ങൾ ആയി അതത് വകുപ്പുകളുടെ പക്കൽ ലഭ്യമായ വിവരങ്ങൾ സമിതിക്ക് കൈമാറി.

ആയതുപ്രകാരം പരിസ്ഥിതി വകുപ്പ് തയാറാക്കിയ കരട് shape /kml ഫയൽ പരിശോധിക്കുന്നതിനായി, ചീഫ് സെക്രട്ടറിതല യോഗത്തിലെ നിർദ്ദേശ പ്രകാരം, ESA വില്ലേജുകൾ വരുന്ന ജില്ലകളിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. വില്ലേജ് അതിർത്തികൾ, വനാതിർത്തികൾ വരുന്നപക്ഷം അവിടങ്ങളിൽ സ്ഥലപരിശോധന സഹിതം നടത്തി അപാകതകൾ പരിഹരിച്ചു. ഇവ പരിശോധിച്ചതിൻ്റെ അടിസ്ഥാനത്തിൽ ESA പുനഃനിർണ്ണയിക്കുകയുണ്ടായി.

പ്രസ്തുത രേഖകളിന്മേൽ അവസാനഘട്ട പരിശോധനകൾക്കും പൊതുജനങ്ങളുടെ അഭിപ്രായ സമാഹരണത്തിനും ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമമാക്കുന്നതിലേക്കുള്ള അവസാന നടപടി ക്രമത്തിൻ്റെ ഭാഗമായി ഈ രേഖകൾ എല്ലാ പഞ്ചായത്തുകളിലും 2024 മാർച്ച് മാസം കൈമാറി. പഞ്ചായത്തുകളിൽ നിന്നുള്ള അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തിൻ്റെ പുതുക്കിയ ESA നിർദ്ദേശം 2024 മെയ് 13ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കയുണ്ടായി.

അതുപ്രകാരം പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സ്പേഷ്യൽ രേഖകൾ പരിശോധിക്കുകയും ഒഴിവാക്കാൻ തന്നതുപ്രകാരം ESA യിൽ മാറ്റം വരുത്തി പരിസ്ഥിതി വകുപ്പ് സമർപ്പിച്ച കരടു രേഖകൾ സർക്കാരിൻ്റെ പരിഗണനയിലും ആണ്.

#